"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്- ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾക്ക് യു.ജി.സി. യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭ്യമാകുന്നതുവരെ വിദൂര വിദ്യാഭ്യാസ/പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകൾ നടത്തുന്നതിന് സംസ്ഥാനത്തെ ഇതര യൂണിവേഴ്സിറ്റികൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.29/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 26/07/2021

പരാമർശം:- 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് (2021-ലെ 1-ാം നമ്പർ ആക്ട്).

**ഉത്തരവ്**

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസം വിദൂരവിദ്യാഭ്യാസത്തിലൂടെ പ്രദാനം ചെയ്യുന്നതിനായി 2020 സെപ്റ്റംബർ 25 ന് പ്രാബല്യത്തിലായ 2021 ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിന്റെ വകുപ്പ് 72 (1 ) പ്രകാരം, പ്രസ്തുത ആക്ടിന്റെ പ്രാബല്യ തീയതി മുതൽ സംസ്ഥാനത്തെ മറ്റു സർവ്വകലാശാലകളിൽ വിദൂരവിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ ഉള്ള പഠന കോഴ്സുകളിലേയ്ക്ക് പ്രവേശനം നൽകാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ നടത്താനുദ്ദേശിക്കുന്ന കോഴ്സുകൾക്ക് യു.ജി.സി.യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ഇനിയും ലഭിക്കേണ്ടതുള്ളതിനാൽ വിദൂര വിദ്യാഭ്യാസ / പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന കോഴ്സുകൾ പഠിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിനുള്ള അവസരം സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിന്റെ 63-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾക്ക് യു.ജി.സി. യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കുന്നതുവരെ കേരള / മഹാത്മാ ഗാന്ധി / കാലിക്കറ്റ് / കണ്ണൂർ എന്നീ സർവകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ / പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ തുടർന്നും നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ, കേരള / മഹാത്മാ ഗാന്ധി / കാലിക്കറ്റ് / കണ്ണൂർ സർവകലാശാലകൾ
രജിസ്ട്രാർ, ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല, കൊല്ലം

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം
www.highereducation.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ